## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3879 ... 12.12.2018 ൽ മറുപടിക്ക്

## കേസന്വേഷണം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അന്വേഷണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് തയ്യാറാക്കണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) കേസന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ചും കുറ്റപത്രം സമർപ്പിക്കുന്നത് സംബന്ധിച്ചും വ്യക്തമായ നിർദ്ദേശം പോലീസ് മേധാവി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ സംവിധാനം പോലീസിലെ ഏതൊക്കെ ബ്രാഞ്ചുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) സംസ്ഥാന പോലീസിലെ എല്ലാ കേസന്വേഷണ വിഭാഗത്തിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) വിവാദമായതും പ്രധാനപ്പെട്ടതുമായ ക്രൈംബ്രാഞ്ച് കേസുകൾ ഡി.ജി.പി.യ്ക്ക് പരിശോധനയ്ക്ക് നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) വളരെ പ്രധാനപ്പെട്ടതും സെൻസേഷണലുമായ കേസുകളിൽ കേസന്വേഷണ പുരോഗതി റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 31/2018 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

10

**നം. D2/54133/2018/ PHQ**
പോലീസ് ആസ്ഥാനം,കേരളം
തിരുവനന്തപുരം 695010
തീയതി:09/07/2018

## എക്സിക്യൂട്ടീവ് ഡയറക്ടീവ് നം:31/2018

വിഷയം:-പ്രോഗ്രസ് റിപ്പോർട്ട് (Progress report) തയ്യാറാക്കുന്നത്-സംബന്ധിച്ച്

കേസുകളിൽ, പ്രത്യേകിച്ച് ഗൗരവ സ്വഭാവമുള്ള കുറ്റകൃത്യങ്ങളിലും മറ്റ് പ്രധാനപ്പെട്ട കേസുകളിലും, ശിക്ഷാ നിരക്ക് നിരക്ക് ഉയർത്തിക്കൊണ്ടു വരുന്നതിൽ എസ്.പി/ഡി.ഐ.ജി/ഐ.ജി.പി/എ.ഡി.ജി.പി റാങ്കിലുള്ള മേൽനോട്ട ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് ഉള്ള പങ്ക് നിർണ്ണായകമാണ്. ഇത്തരം കേസുകളുടെ അന്വേഷണത്തിന്റെ മേൽനോട്ട ചുമതലയിൽ നിന്നും ഒഴിഞ്ഞു മാറുവാൻ അവർക്ക് സാധ്യമല്ല. പലപ്പോഴും, ഇൻസ്പെക്ടർ റാങ്കിലോ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റാങ്കിലോ ഉള്ള അന്വേഷണ ഉദ്യോഗസ്ഥർക്ക് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരികയും ആയത് അന്വേഷണത്തെ ബാധിക്കുകയും അങ്ങനെ കേസന്വേഷണത്തിൽ കാലതാമസം നേരിടുകയും ചെയ്യുന്നു. സൂപ്പർവൈസറി ഉദ്യോഗസ്ഥർക്ക് അന്വേഷണ ഉദ്യോഗസ്ഥർക്ക് മാർഗനിർദേശം നൽകുകയും സമയോചിതമായി ശരിയായ നിർദേശങ്ങൾ നൽകുകയും ചെയ്യാൻ കഴിയും. മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരെന്ന നിലയ്ക്ക് ഇവരുടെ പങ്ക് ക്രിമിനൽ നടപടി ക്രമത്തിലെ 36-ാം വകുപ്പിൽ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. അന്വേഷണമെന്നത് ഒരു കൂട്ടായ പരിശ്രമമാകേണ്ടതുണ്ട്. മുതിർന്ന ഉദ്യോഗസ്ഥരുൾപ്പടെ അത്തരത്തിലുള്ള ഉദ്യോഗസ്ഥരുടെ സംഘത്തിന് ശ്രദ്ധാ പൂർണ്ണമായ പ്രവർത്തനം വഴി കേസന്വേഷണത്തിന് മികവ് നൽകുകയും ശിക്ഷ വിധിക്കുന്നതിന്റെ നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്യും. അതിനാൽ ശരിയായ രീതിയിലുള്ള അന്വേഷണത്തിനായി ഉയർന്ന ഉദ്യോഗസ്ഥർ, അന്വേഷണ ഉദ്യോഗസ്ഥർക്ക് നിരന്തരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന പ്രവർത്തന രീതിക്ക് പങ്കാളിത്ത മേൽനോട്ടം (Participative supervision) എന്ന് വിശേഷിപ്പിക്കുന്നു.

02. ഒരു കേസിന്റെ വിജയകരമായ വിചാരണ നടപടിയും, ശിക്ഷാവിധിയും, പ്രസ്തുത കേസ് അന്വേഷണത്തിൽ ഏർപ്പെട്ടിട്ടുള്ള

ഉദ്യോഗസ്ഥർക്ക് മേലുദ്യോഗസ്ഥർ നൽകുന്ന ഉചിതമായ നിർദേശങ്ങളും, 'പങ്കാളിത്ത മേൽനോട്ടവും' ആശ്രയിച്ചിരിക്കുന്നു. അതിനായി മേലുദ്യോഗസ്ഥർക്ക് വിവിധ ഉപായങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഒരു മേലുദ്യോഗസ്ഥന് ഇത്തരത്തിൽ വിവിധ ഉപായങ്ങൾ രൂപപ്പെടുത്തുന്നതിന്, അന്വേഷണ പുരോഗതി ഉൾപ്പെടുത്തികൊണ്ട് ഉചിതമായി എഴുതി തയ്യാറാക്കിയ ഒരു പ്രോഗ്രസ് റിപ്പോർട്ട് (Progress Report) ലഭിച്ചാൽ മാത്രമെ സാധിക്കുകയുള്ളു. ഒരു മികച്ച പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ സൂചിപ്പിക്കും പ്രകാരം സംക്ഷിപ്തമായ വിവരങ്ങൾ/ഡാറ്റ മാത്രം ഉൾക്കൊള്ളുന്നതാകണം. മേലുദ്യോഗസ്ഥന് (ഉദ്യോഗസ്ഥർക്ക്) ഈ പുരോഗതി റിപ്പോർട്ട് പരിശോധിക്കുമ്പോൾ കേസന്വേഷണത്തിലെ പുരോഗതി വിലയിരുത്തുന്നതിനും, അതിനുശേഷം അന്വേഷണം തുടരുന്നതിനാവശ്യമായ നിർദേശം (ങ്ങൾ) നൽകുന്നതിനും സാധിക്കുന്നു. പങ്കാളിത്ത മേൽനോട്ട പ്രവർത്തനത്തിന്റെ ഭാഗമായി മേലുദ്യോഗസ്ഥരുടെ പങ്കാളിത്തം വളരെ നിർണ്ണായകവും പ്രയോജനപ്രദവുമാണ്.

03. പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്

(i) പ്രോഗ്രസ് റിപ്പോർട്ടുകൾക്ക് PR-1, PR-2 എന്നിങ്ങനെ ക്രമ നമ്പർ നൽകേണ്ടതാണ്. കൂടാതെ കേസ് ഡയറികൾ/ അന്വേഷണ ഉദ്യോഗസ്ഥരുമായുള്ള ചർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ 1-ാം സൂപ്പർവൈസറി ആഫീസർമാർ നിർദ്ദിഷ്ട ഫോർമാറ്റിൽ ആയത് തയ്യാറാക്കേണ്ടതുമാണ്. (അനുബന്ധം കാണുക)

(ii) ആദ്യ പ്രോഗ്രസ് റിപ്പോർട്ടിൽ, എഫ്.ഐ.ആർ -ൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ, മേലുദ്യോഗസ്ഥൻ അംഗീകാരം നൽകിയിട്ടുള്ള പ്രവർത്തന പദ്ധതി (Plan of Action), കൂടാതെ അന്വേഷണം പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം എന്നിവ അടങ്ങിയിരിക്കേണ്ടതാണ്. തുടർന്നുള്ള പ്രോഗ്രസ് റിപ്പോർട്ടുകളിൽ ആരോപണങ്ങളുടെ സംഗ്രഹം, അന്വേഷണത്തിലെ അഭിവൃദ്ധി (Developments) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. ഫോറൻസിക് വിദഗ്ധർ ഉൾപ്പടെയുള്ള വിദഗ്ധരുടെ അഭിപ്രായം, തെളിവുകളുടെ ചുരുക്കം മുതലായവ കാലഗണനാക്രമത്തിൽ സൂചിപ്പിക്കേണ്ടതാണ്. ഒരു പ്രവർത്തനത്തിൽ

എന്തെങ്കിലും കാലതാമസം ഉണ്ടായെങ്കിൽ അതിനുള്ള കാരണം കൂടി രേഖപ്പെടുത്തേണ്ടതാണ്. അന്വേഷണ വേളയിൽ എന്തെങ്കിലും പുതിയ ആരോപണങ്ങൾ ഉയർന്നു വരുകയാണെങ്കിൽ അതും കൂടി ഉൾപ്പെടുത്താവുന്നതാണ്. അന്വേഷണത്തിനിടയിൽ അന്വേഷണ ഉദ്യോഗസ്ഥൻ അഭിമുഖീകരിക്കേണ്ടി വന്ന ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളെ കുറിച്ചും അത് മറികടക്കുവാൻ സ്വീകരിച്ച നടപടികളെ കുറിച്ചും കൂടി സൂചിപ്പിക്കാവുന്നതാണ്.

(iii) പ്രോഗ്രസ് റിപ്പോർട്ട് ലഭിച്ചാലുടൻ മേലുദ്യോഗസ്ഥൻ തുടർന്നുള്ള അന്വേഷണത്തിനായി അയാളുടെ/അവളുടെ നിർദേശങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണ പുരോഗതിയെക്കുറിച്ച്, അതായത് അന്വേഷണം ശരിയായ ദിശയിലാണോ അല്ലയോ എന്ന് വ്യക്തമാക്കി കൊണ്ട് മേലുദ്യോഗസ്ഥർ തന്റെ അഭിപ്രായങ്ങൾ (സംക്ഷിപ്തമായി) അയക്കേണ്ടതാണ്. അന്വേഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള കാലതാമസം വരുന്നുവെങ്കിൽ ആയത് മറികടക്കുവാനുള്ള നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. അന്വേഷണം തുടരുമ്പോൾ മുതൽ (ക്രിമിനൽ നടപടി ക്രമം വകുപ്പ് 173(8) പ്രകാരം തുടരന്വേഷണം നടക്കുമ്പോൾ ഉൾപ്പടെ) പിന്നീട് കേസിൽ കുറ്റപത്രം സമർപ്പിക്കുന്നതുവരെയോ അന്തിമ റിപ്പോർട്ട് അധികാരപ്പെട്ട കോടതിയിൽ സമർപ്പിക്കുന്നതുവരെയോ പുരോഗതി റിപ്പോർട്ടുകൾ അയക്കുന്നത് തുടരേണ്ടതാണ്.

04. പ്രോഗ്രസ് റിപ്പോർട്ട് സംവിധാനം സി.ബി.സി.ഐ.ഡി യിൽ ആണ് ഏർപ്പെടുത്തേണ്ടത്. സി.ബി.സി.ഐ.ഡി അന്വേഷിക്കുന്ന എല്ലാ കേസുകളിലും ഇത് ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെങ്കിലും, അടുത്ത 6 മാസത്തേക്ക് എല്ലാ പ്രധാനപ്പെട്ട കേസുകളിലെങ്കിലും ഇത് ബാധകമാക്കണം. അത്തരം കേസുകളിൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ, സി.ബി.സി.ഐ.ഡി,

ആയത് ആവശ്യപ്പെടേണ്ടതാണ് (കേസുകളുടെ പ്രാധാന്യം അദ്ദേഹത്തിന് തീരുമാനിക്കാവുന്നതാണ്). സമാനമായി, ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ നരഹത്യാ കേസുകളിലും UAPA കേസുകളിലും പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പ്രോഗ്രസ് റിപ്പോർട്ട് എഴുതുന്നതിനും അയച്ചുകൊടുക്കുന്നതിനുമുള്ള അധികാരക്രമം ചുവടെ ചേർക്കുന്നു.

(i) സി.ബി.സി.ഐ.ഡി യിൽ: ബന്ധപ്പെട്ട പോലീസ് സൂപ്രണ്ട് അന്വേഷണ ഉദ്യോഗസ്ഥനുമായി (ഇൻസ്പെക്ടറോ അല്ലെങ്കിൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടോ) അന്വേഷണ പ്രോഗ്രസ് ചർച്ച ചെയ്യേണ്ടതും, സി.ഡി ഫയൽ പരിശോധിച്ചതിനുശേഷം പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. പോലീസ് സൂപ്രണ്ട് തന്നെയാണ് അന്വേഷണ

ഉദ്യോഗസ്ഥനെങ്കിൽ അദ്ദേഹം സ്വയം പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പോലീസ് സൂപ്രണ്ട് പ്രോഗ്രസ് റിപ്പോർട്ട് പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈംസ്) ന് അയച്ചു കൊടുക്കേണ്ടതും അദ്ദേഹത്തിന്റെ/അവരുടെ പരാമർശങ്ങൾ/അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ രേഖപ്പെടുത്തിയ ശേഷം ആയത് എ.ഡി.ജി.പി (ക്രൈംസ്) നു സമർപ്പിക്കേണ്ടതും എ.ഡി.ജി.പി (ക്രൈംസ്) ന് അദ്ദേഹത്തിന്റെ/അവരുടെ പരാമർശങ്ങൾ/അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ കൂടി ചേർത്ത് തിരികെ ഐ.ജി.പി (ക്രൈംസ്) ന് അയച്ചുകൊടുക്കേണ്ടതുമാണ്. തുടർന്ന് ഐ.ജി.പി (ക്രൈംസ്) ആയത് എസ്.പിക്കും, എസ്.പി തിരികെ അന്വേഷണ ഉദ്യോഗസ്ഥനും നൽകേണ്ടതാണ്. അത്യധികം ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ളതും പ്രധാനവുമായ കേസുകളിൽ എ.ഡി.ജി.പി (ക്രൈംസ്) പ്രോഗ്രസ് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് പരിശോധനയ്ക്കും തുടർ നിർദ്ദേശങ്ങൾക്കും/ അഭിപ്രായങ്ങൾക്കുമായി അയച്ചു കൊടുക്കേണ്ടതാണ്.

(ii) ലോക്കൽ പോലീസിൽ: അന്വേഷണ ഉദ്യോഗസ്ഥൻ (ഇൻസ്പെക്ടർ/ഡി.വൈ.എസ്.പി/എ.എസ്.പി) കേസിനെക്കുറിച്ച് പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുന്ന എസ്.പിയുമായോ/ജില്ലാ പോലീസ് മേധാവിയുമായോ ചർച്ച നടത്തിയ ശേഷം ആയത് ബന്ധപ്പെട്ട റെയ്ഞ്ച് ഇൻസെപ്ക്ടർ ജനറൽ മാർക്ക് അയച്ചു കൊടുക്കേണ്ടതാണ്. റെയ്ഞ്ച് ഐ.ജി.പി തന്റെ പരാമർശങ്ങൾ/അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ രേഖപ്പെടുത്തി ഖണ്ഡിക 4((i) ൽ സൂചിപ്പിച്ച പ്രകാരം പ്രോഗ്രസ് റിപ്പോർട്ട് മടക്കി നൽകേണ്ടതാണ്. വളരെയധികം ഒച്ചപ്പാടുണ്ടാക്കുന്നതരം കേസുകളിൽ പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുവാൻ ബന്ധപ്പെട്ട റെയ്ഞ്ച് ഐ.ജി.പി മാർ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരോട് നിർദ്ദേശിക്കാവുന്നതാണ്.

05. ക്രൈം കേസുകളിൽ, അവ രജിസ്റ്റർ ചെയ്ത തീയതി മുതൽ രണ്ടാഴ്ചയ്ക്കുശേഷം ആദ്യ പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. തുടർന്ന് അന്വേഷണം പൂർത്തിയാക്കും വരെ ഓരോ മാസവും പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

06. പ്രോഗ്രസ് റിപ്പോർട്ടുകളുടെ മുകളിൽ പറഞ്ഞ സമയക്രമം ചുരുക്കാവുന്നതല്ല, മറിച്ച് അധികാരികളുടെ ഉത്തരവ് പ്രകാരം ആയത് വർദ്ധിപ്പിക്കാവുന്നതാണ്. ഒരു നിർദ്ദിഷ്ട കാലയളവിൽ അന്വേഷണത്തിൽ യാതൊരു പുരോഗതിയും ഇല്ലെങ്കിൽ കൂടി പ്രോഗ്രസ് റിപ്പോർട്ട് കൃത്യ സമയത്തുതന്നെ അയയ്ക്കേണ്ടതാണ്. പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വീഴ്ചവന്നാൽ അതിനുള്ള കാരണങ്ങൾ കാണിച്ച് (അതായത് അന്വേഷണ ഉദ്യോഗസ്ഥൻ പര്യടനത്തിലോ, ലീവിലോ

ആയിരിക്കുക തുടങ്ങിയ കാരണങ്ങൾ), പ്രോഗ്രസ് റിപ്പോർട്ടിൽ ഒപ്പുവയ്ക്കുന്ന ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.

07. പ്രോഗ്രസ് റിപ്പോർട്ടുകൾ കൊടുത്ത മേലുദ്യോഗസ്ഥന് പകർപ്പ് സഹിതം അയച്ച് നൽകേണ്ടതും അദ്ദേഹം ഒരു പകർപ്പിൽ തന്റെ പരാമർശങ്ങളും, അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ മാർഗ്ഗനിർദ്ദേശങ്ങളും രേഖപ്പെടുത്തി തന്റെ മേലധികാരിക്കു സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള പ്രോഗ്രസ് റിപ്പോർട്ടുകൾ കേസ് അന്വേഷണം തുടരുന്ന കാലം വരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കേണ്ടതാണ്. പുരോഗതി റിപ്പോർട്ട് അയക്കുന്ന ഈ പ്രവർത്തനം കുറ്റപത്രം തയ്യാറാക്കി കേസ് അവസാനിപ്പിക്കുമ്പോഴോ, കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുമ്പോഴോ മാത്രമേ അവസാനിപ്പിക്കുവാൻ പാടുള്ളു.

08. ഒരു ക്രിമിനൽ അന്വേഷണത്തിൽ തെളിവുകൾ ശേഖരിക്കുന്നതിലെ കാലതാമസം/തെറ്റായ തെളിവുകളുടെ പുറകെ പോകുക എന്നിവ ഒഴിവാക്കി, തെറ്റായ അന്വേഷണ മാർഗ്ഗത്തിൽ നിന്നകന്ന്, ക്രിമിനൽ അന്വേഷണത്തിലെ പഴുതുകൾ അടച്ച് കുറ്റവാളികളെ എത്രയും പെട്ടെന്ന് കണ്ടെത്തി ശിക്ഷ ഉറപ്പാക്കുന്നതിനായി അന്വേഷണം കഴിവുറ്റതും സുസംഘടിതവുമാക്കുക എന്നതാണ് ഈ ഡയറക്ടീവിന്റെ ലക്ഷ്യം.

ലോക്നാഥ് ബെഹ്റ ഐ.പി.എസ്
സംസ്ഥാന പോലീസ് മേധാവി

ഗ്രാഹകർ : എല്ലാ എ.ഡി.ജി.പിമാരും/ എല്ലാ ഐ.ജി.പിമാരും/
ജില്ലാ പോലീസ് മേധാവിമാരും
എല്ലാ വകുപ്പ് മേധാവിമാർക്കും
എല്ലാ സബ് ഡിവിഷണൽ ഓഫീസർമാർക്കും
എല്ലാ എസ്.എച്ച്.ഒ മാർക്കും

പകർപ്പ് : പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാർക്കും അറിവിലേക്ക്
CA to എസ്.പി.സി/ED രജിസ്റ്റർ

സെക്ഷൻ ഓഫീസർ